Syro Malabar Commission for Liturgy

# ദുക്റാന തിരുനാൾ



നാം ഭാരതീയരാണ് എന്ന് അഭിമാനിക്കുന്നതുപോലെ തന്നെ പറയേണ്ട കാര്യമാണ് നാം 'മാർതോമാക്രിസ്ത്യാനികളാണ്' എന്നത്. ആദ്യ നൂറ്റാണ്ടുമുതൽ നാം 'മാർതോമാക്രിസ്ത്യാനികൾ' എന്നും 'മാർതോമാ നസ്രാണികൾ' എന്നുമാണ് അറിയപ്പെട്ടിരുന്നത്. നമ്മുടെ വിശ്വാസത്തിന്റെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മ നാം എന്നും ഭക്ത്യാദരവുകളോടെ അനുസ്മരിച്ചിരുന്നു എന്നതിന്റെ തെളിവാണ് ഇന്ന് നാം ആചരിക്കുന്ന ദുക്റാനതിരുനാൾ. ഈ തിരുനാളിനെപറ്റി സഭാപിതാക്കൻമാരായ വി. അപ്രേമും ടൂർസിലെ വി. ഗ്രിഗറിയുമാണ് കൂടുതലായി തങ്ങളുടെ കൃതികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വി. അപ്രേം തോമാശ്ലീഹായെ അഭിസംബോധനചെയ്തുകൊണ്ട് ഇപ്രകാരം എഴുതുന്നു: കണ്ടാലും ഇന്ത്യയിൽ നിന്റെ അദ്ഭുതങ്ങൾ; ഞങ്ങളുടെ നാട്ടിൽ നിന്റെ വിജയവും, എല്ലായിടത്തും നിന്റെ തിരുന്നാളും (T.J. Lamy, Sancti Ephremi Syri Hymni et Sermones, Melchinda 1902, vol. IV, col. 693-708). In Gloria Martyrum എന്ന ഗ്രന്ഥത്തിൽ വി. ഗ്രിഗറി, തെയഡോർ എന്ന സഞ്ചാരിയിൽനിന്നു ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ആചരിക്കപ്പെടുന്ന ശ്ലീഹായുടെ ഓർമതിരുന്നാളിനെപറ്റി രേഖപ്പെടുത്തുന്നുണ്ട് (Patrologia Latina LXXI, 733).

ഈശോ തന്റെ ശിഷ്യന്മാരെ പ്രേഷിതദൗത്യം ഭരമേല്പ്പിക്കുന്നത് എല്ലാ സുവിശേഷകന്മാരും രേഖപ്പെടുത്തുന്നുണ്ട് (മത്താ 28:16-20, മർക്കോ 16:14-18, ലൂക്കാ 24:36-49, യോഹ 20:19-23). സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും നല്കിയാണ് ഈശോ അവരെ ഈ ദൗത്യമേല്പ്പിക്കുന്നത്. അപ്പസ്തോലപ്രവർത്തനങ്ങളിലാണ് ഈ ദൗത്യം കുറെകൂടി വ്യക്തമാകുന്നത്: പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ശക്തിയാർജ്ജിച്ച നിങ്ങൾ ജറുസലെമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും എനിക്ക് സാക്ഷികളാകണം (അപ്പ. പ്രവ 1:8). ക്രിസ്തുവിന്മുമ്പ് അഞ്ചാം നൂറ്റാണ്ടുമുതൽ ഗ്രന്ഥകാരന്മാർ ഇന്ത്യയെയാണ് ഭൂമിയുടെ അതിർത്തി രാജ്യമായി കണക്കാക്കിയിരുന്നത്. മറ്റ് അപ്പസ്തോലൻമാർ റോമാസാമ്രാജത്തിലെ വിവിധപ്രദേശങ്ങൾ തിരഞ്ഞെടുത്തപ്പോൾ തോമാശ്ലീഹാ തിരഞ്ഞടുത്തത് അക്കാലത്തെ അതിർത്തി രാജ്യമായിരുന്ന ഇന്ത്യയാ

ണ്. തങ്ങളുടെ ഗുരുവിന്റെ പ്രബോധനത്തെ, അവിടുത്തെ വളരെ സ്നേഹിച്ചിരുന്ന, തോമസ് അക്ഷരശ്ശഃ അനുസരിക്കുകയായിരുന്നു. 'ഭൂമിയുടെ അതിർത്തികൾവരെ....' എന്നതുകൊണ്ട് ഇന്ത്യയാണ് തന്റെ ഗുരു ഉദ്ദേശിക്കുന്നത് എന്ന് ചിന്തിച്ചുറച്ച തോമായ്ക്ക് പിന്നെ തന്റെ ലക്ഷ്യസാക്ഷാത്ക്കാരത്തിന് ഒന്നും തടസ്സമായില്ല. കർത്താവിന്റെ തിരുവിലാവിൽ സ്പർശിച്ച് ശക്തി സംഭരിച്ച മാർതോമായ്ക്കു (യോഹ 20:27) പിന്നെ കർത്താവ് മാത്രം മതിയായിരുന്നു. "എന്റെ കർത്താവെ, എന്റെ ദൈവമെ" (മാർ വാലാഹ്)എന്ന ഉദ്ഘോഷം ആത്മനിർവൃതിയുടെ വെളിപ്പെടുത്തലായിരുന്നു. തന്റെ ദൈവത്തിനുവേണ്ടി സാധിക്കുന്നതൊക്കെ ചെയ്യാനും സഹിക്കാൻ പറ്റുന്നതൊക്കെ സഹിക്കാനും ത്യജിക്കാൻ പറ്റുന്നതൊക്കെ ത്യജിക്കാനും സാധിക്കുന്നത് നേട്ടമായാണ് മാർതോമാ കരുതിയത്.

ഈശോയ്ക്ക്വേണ്ടി ലോകത്തിന്റെ ഏത് അറ്റംവരെ പോകാനും ധൈര്യവും പ്രചോദനവും നല്കിയതിന് തന്റെ പേരും ഒരുകാരണമായെന്ന് മാർതോമായ്ക്കു പറയാം. സുറിയാനി ഭാഷയിൽ 'തോമാ', 'തൗമാ'(ഗ്രീക്കിൽ 'ദിദിമോസ്') എന്നതിന്റെ അർത്ഥം 'ഇരട്ടപിറന്നവൻ' എന്നാണല്ലോ. തോമസ് അദ്ദേഹത്തിന്റെ രണ്ടാമത്തെ പേരാണ്. ആദ്യത്തെ പേര് യൂദാ എന്നാണ്. 'യൂദാ'/'യഹൂദ' എന്ന പദത്തിനർത്ഥം 'ഞാൻ ദൈവത്തെ മഹത്വപ്പെടുത്തും' എന്നാണ്. ഈശോയുടെ പന്ത്രണ്ടു ശിഷ്യൻമാരിൽ മൂന്ന് 'യൂദാ'മാർ ഉണ്ടായിരുന്നു. യൂദാ തദ്ദേവൂസ്, യൂദാ സ്കറിയോത്ത, യൂദാ തോമാ. സുറിയാനി മൂലങ്ങളിലെല്ലാം 'യൂദാ തോമാ' എന്നാണ് ഉപയോഗിച്ചു കാണുക, ഗ്രീക്ക് മൂലങ്ങളിൽ തോമാ (തോമസ്) എന്നും. തോമസിന്റെ ഇരട്ടപിറന്നവൻ ഈശോയാണ് എന്നൊരു ചിന്ത ആദ്യനൂറ്റാണ്ടുകളിലെ ചില അപ്രമാണിക ഗ്രന്ഥങ്ങളിൽ കാണാം. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ എഴുതപ്പെട്ട 'യൂദാ തോമായുടെ നടപടികൾ'(Acts of [Judas] Thomas) എന്ന ഗ്രന്ഥത്തിലാണ് ഈ ആശയം പ്രധാനമായി കാണുന്നത്. ഈ ഗ്രന്ഥത്തിന്റെ പതിമൂന്ന് അദ്ധ്യായങ്ങളിലും തോമസിനെ ഇരട്ടപിറന്നവനായ ഈശോയുമായി സാദൃശപ്പെടുത്തുന്നുണ്ട്. ഈശോയും തോമസുമായി പതിനെട്ട് സാദൃശങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ് സമർഥിക്കുന്നത്. ഉദാഹരണമായി നാലാം അദ്ധ്യായത്തിൽ തോമസ് ഒരു കഴുതയുടെ പുറത്തിരുന്ന് പട്ടണവാതില്ക്കൽവരെ എത്തുന്നതായി ചിത്രീകരിക്കുന്നു.

പത്രോസ്, പൗലോസ് ശ്ലീഹൻമാർ റോമിലും യോഹന്നാൻ എഫേസൂസിലും യാക്കോബ് സ്പെയിനിലും ബർത്തലോമിയോ അർമേനിയായിലും സുവിശേഷം അറിയിച്ച് സഭകൾ തുടങ്ങിയതു പോലെ തോമസും ഏറ്റവും വിദൂരരാജ്യമായിരുന്ന ഇന്ത്യയിലും സഭയ്ക്ക് തുടക്കം കുറിച്ചു. “നമുക്കും അവനോടുകൂടി പോയി മരിക്കാം” (യോഹ 11:16) എന്ന് സധൈര്യം ഉദ്ഘോഷിച്ച തോമാശ്ലീഹാ തന്റെ വാക്കു പാലിച്ച് ഇന്ത്യയിൽ തന്റെ ഗുരുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച് സഭയുടെ അടിത്തറ ബലപ്പെടുത്തി. അദ്ദേഹത്തിന്റെ കബറിടത്തിനുമുകളിലാണ് മൈലാപ്പൂരിലെ സാൻതോം ബസിലിക്കാ ഇന്ന് നിലകൊള്ളുന്നത്. ഇതുകൂടാതെ അപ്പസ്തോലൻമാർക്ക് കബറിടങ്ങൾക്കുമുകളിൽ ബസിലിക്കകൾ ഉള്ളത് റോമിൽ വി.പത്രോസിന്റെയും സ്പെയിനിൽ സാൻദിയാഗോയിൽ വി.യാക്കോബിന്റെയും കബറിടങ്ങൾക്കു മുകളിലാണ്. ലോകത്ത് ഒരു അപ്പസ്തോലന്റെ പേരിൽ അറിയപ്പെടുന്ന ഏകക്രൈസ്തവ വിഭാഗമാണ് മാർതോമാക്രിസ്ത്യാനികൾ എന്നതിൽ നാം അഭിമാനം കൊള്ളണം. തോമാശ്ലീഹായെ അനുസ്മരിക്കുന്നതോടൊപ്പം നമ്മുടെ പിതാവായ തോമാശ്ലീഹായിൽനിന്നും ലഭിച്ച ക്രൈസ്തവവിശ്വാസം ജീവിച്ച് സംരക്ഷിച്ച് നമുക്ക് കൈമാറിതന്ന നമ്മുടെ പൂർവ്വപിതാക്കൻമാരെകൂടി അനുസ്മരിക്കാനും അങ്ങനെ നമുക്ക് ലഭിച്ചിരിക്കുന്ന വിശേഷപ്പെട്ട ക്രൈസ്തവവിശ്വാസവും പാരമ്പര്യവും ജീവിതരീതികളും തോമാശ്ലീഹായുടെ മാതൃക അനുസരിച്ച് ഒരു മാതൃകയായി ഏറ്റെടുക്കാനും നമുക്ക് സാധിക്കുമ്പോഴാണ് ജൂലൈ 3 ലെ ദുക്റാനതിരുനാൾ നാം അഭിമാനത്തോടെയും അർത്ഥവത്തായുമാണ് ആഘോഷിക്കുന്നത് എന്ന് നമുക്കവകാശപ്പെടാവുന്നത്.

തയ്യാറാക്കിയത്:
ഫാ.ജെയിംസ് പുലിയുറുമ്പിൽ
മൗണ്ട് സെന്റ് തോമസ്
കാക്കനാട്

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്
കാക്കനാട്

03-07-2021

Read More: www.syromalabarliturgy.org